"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. വി എസ് ഹരികുമാറിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.458/2025/LSGD തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:-

1. ശ്രീ വി.എസ് ഹരികുമാർ സമർപ്പിച്ച 27.01.2021, 02.04.2021 തീയതികളിലെ അവധി അപേക്ഷ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2024ലെ LSGD/PD/35915/2024-DEF4 നമ്പർ കത്ത്

**ഉത്തരവ്**

തൊടുപുഴ നഗരസഭയിലെ സാനിറ്റേഷൻ വർക്കറായ ശ്രീ.വി.എസ് ഹരികുമാറിന് വാഹനാപകടം സംഭവിച്ച് 18.03.2020 മുതൽ 31.05.2021 വരെ ജോലിയ്ക്ക് ഹാജരാകാൻ കഴിയാതിരുന്നതിനാൽ , പ്രസ്തുത കാലയളവിൽ ശൂന്യ വേതനാവധി അനുവദിക്കുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയിലെ സാനിറ്റേഷൻ വർക്കറായ ശ്രീ.വി.എസ് ഹരികുമാറിന്, വാഹനാപകടത്തെ തുടർന്ന് ചികിത്സാർത്ഥം ജോലിയ്ക്ക് ഹാജരാകാൻ കഴിഞ്ഞില്ല എന്നതിനാൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 18.03.2020 മുതൽ 31.05.2021 വരെ, ടി കാലയളവ് പെൻഷൻ, ആർജ്ജിതാവധി, ഇൻക്രിമെന്റ്, ഹയർഗ്രേഡ് തുടങ്ങി ഒരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, തൊടുപുഴ നഗരസഭ

ശ്രീ വി.എസ് ഹരികുമാർ, സാനിറ്റേഷൻ വർക്കർ, തൊടുപുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-02-2025 16:41:12
സെക്ഷൻ ഓഫീസർ